# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം .

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 306

23.06.2014-ൽ മറുപടിയ്ക്ക്

## വൃക്ഷത്തൈകൾ

ചോദ്യം

ശ്രീ. പി.ഉബൈദുള്ള

ഉത്തരം

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി)

എ) 2014 - ലെ ലോക പരിസ്ഥിതി ദിനത്തിൽ ഒട്ടാകെ എത്ര വൃക്ഷത്തൈകൾ നടാനാണ് ലക്ഷ്യമിട്ടിരുന്നത് ;

ബി) മുൻ വർഷങ്ങളിൽ നട്ടുപിടിപ്പിച്ചവയിൽ ഗണ്യമായ ഭാഗവും തുടർപരിപാലനമില്ലാതെ നശിച്ചു പോയ സാഹചര്യം കണക്കിലെടുത്ത് ഉചിതമായ നടപടി സ്വീകരിക്കുമോ ?

എ) "ഹരിതശ്രീ" പദ്ധതിയിലുൾപ്പെടുത്തി 2014 - ലെ ലോക പരിസ്ഥിതി ദിനത്തിൽ രാവിലെ 10.30 - നും 11.30 - നും ഇടയ്ക്കുള്ള ഹരിത സമയത്ത് 10 ലക്ഷം വൃക്ഷത്തൈകൾ നടാനാണ് ലക്ഷ്യമിട്ടിരുന്നത്.

ബി) ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. "ഒരു മനുഷ്യന് ഒരു മരം" എന്ന പേരിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം വൃക്ഷത്തൈകൾ നടുവാനും, ആയത് ബന്ധപ്പെട്ട വ്യക്തികൾ/സംഘടനകൾ/സ്ഥാപനങ്ങൾ പരിപാലിച്ച് വളർത്തിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഹരിതശ്രീ പദ്ധതി. സൗജന്യമായി തൈകൾ സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ നിന്നും വിതരണം ചെയ്യുവാൻ ഉദ്ദേശിച്ചുള്ള ടി പദ്ധതിയിൽ തുടർ പരിചരണത്തിന് ആവശ്യമായ തുക വകയിരുത്തിയിരുന്നില്ല. ബന്ധപ്പെട്ട വ്യക്തികളുടെ/ സ്ഥാപനങ്ങളുടെ

കൈവശസ്ഥലത്ത് നട്ടുപിടിപ്പിക്കുന്ന ടി
തൈകൾ നശിച്ചുപോകാതിരിക്കാൻ തുടർ
പരിചരണം നടത്തേണ്ടത് ബന്ധപ്പെട്ട
വ്യക്തിയുടെ/സ്ഥാപനത്തിന്റെ/സംഘടനയുടെ
ചുമതലയാണ്. എന്നിരുന്നാലും, തുടർ
പരിചരണം കേന്ദ്രീകരിച്ചുകൊണ്ട് ടി
തൈകൾ നശിച്ചുപോകാതെ
അതിജീവിക്കുന്നുവെന്ന്
ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഓരോ
വ്യക്തിയും തൈ നടുവാനും, അത്
അതിജീവിക്കുന്നതുവരെ തുടർ പരിചരണം
ഉറപ്പുവരുത്തുവാനും അവരെ
പ്രോത്സാഹിപ്പിക്കുന്നതിലേക്കുള്ള നടപടിയും
സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ